ഉത്തരം

(എ & ബി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണികൾക്കാവശ്യമായ സ്ഥലമെടുപ്പ് ജോലികൾ നടന്നുവരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

കുന്തിപ്പുഴയ്ക്ക് പുതിയ ഒരു പാലം

145 [1376] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിളയൂരിൽ കുന്തിപ്പുഴയ്ക്ക് എടപ്പലത്ത് പുതിയ ഒരു പാലം നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പാലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽപ്പെട്ടതല്ല. പഞ്ചായത്ത് വകുപ്പാണ് ഈ പാലം പണ്ണി ഏറ്റെടുക്കേണ്ടത്.

(ബി) ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

146 [1378] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) എഗ്രിമെന്റ് പ്രകാരം ഏത് തീയതിക്കകം പണി പൂർത്തിയാക്കേണ്ടതുണ്ട്;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly